പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8069 — 17.07.2014-ൽ മറുപടിക്ക്

## വീട്ടിൽ വന്ന് ചികിത്സിക്കുന്നതിനുള്ള സംവിധാനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. സി. ജോർജ് : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) വൃദ്ധജനങ്ങളെയും ശയ്യാവലംബരായ രോഗികളെയും അവരുടെ വീട്ടിലെത്തി വൈദ്യപരിശോധന നടത്തുന്നതിനും ചികിത്സിക്കുന്നതിനും ഇപ്പോൾ സർക്കാർ സംവിധാനങ്ങളുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പും നാഷണൽ റൂറൽ ഹെൽത്ത് മിഷനും സംയുക്തമായി നടപ്പിലാക്കി വരുന്ന പാലിയേറ്റീവ് കെയർ പദ്ധതിയിലൂടെ ശയ്യാവലംബരായ രോഗികളെയും വൃദ്ധജനങ്ങളെയും ഭവന സന്ദർശനത്തിലൂടെ ചികിത്സയും മറ്റ് അവശ്യ വൈദ്യസഹായങ്ങളും നൽകി വരുന്നു. ഇന്ന് സംസ്ഥാനത്ത് തൊള്ളായിരത്തിലേറെ ഗ്രാമപഞ്ചായത്തുകളിൽ ഇത് നിലവിലുള്ളതും സർക്കാർ ഉത്തരവ് പ്രകാരം മറ്റ് പഞ്ചായത്തുകളിൽ പ്രവർത്തനക്ഷമമാവുകയും ചെയ്തു.<br>പ്രാഥമിക ആരോഗ്യ സാമൂഹ്യ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഈ യൂണിറ്റിൽ തദ്ദേശ സ്വയംഭരണ വകുപ്പ് വഴി തെരഞ്ഞെടുക്കപ്പെടുന്ന പാലിയേറ്റീവ് കെയർ നേഴ്സും ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാരും സംയുക്തമായാണ് ഈ സേവനം നൽകി വരുന്നത്. താലൂക്ക് / ജില്ലാ ആശുപത്രികളിലും സെക്കന്ററി കെയറിനോടൊപ്പം ഭവന സന്ദർശനമുൾപ്പെടുന്ന പ്രൈമറി കെയർ സേവനങ്ങൾ നൽകി വരുന്നു. സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും ഈ സേവനം ലഭ്യമാവുന്നതോടെ കേരളം സമ്പൂർണ്ണ പാലിയേറ്റീവ് കെയർ സംവിധാനമുള്ള ഇന്ത്യയിലെ ഏക സംസ്ഥാനമായി മാറുന്നതാണ്. |
| (ബി) ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിച്ച് അനുകൂല തീരുമാനമെടുക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ